കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-ഗുരുവായൂർ നഗരസഭയിൽ അനധികൃതമായി റസിഡൻഷ്യൽ ബിൽഡിംഗ് പെർമിറ്റ്-ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി താക്കീത് നൽകി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ(സാധാ)നം.1385/2019/തസ്വഭവ തിരുവനന്തപുരം,തീയതി,05.07.2019

==========================================================

പരാമർശം:- 1. ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറി ശ്രീ രഘുരാമന് 30.01.2016-തീയതിയിൽ നൽകിയ കുറ്റാരോപണ മെമ്മോ.

2. നഗരകാര്യ ഡയറക്ടറുടെ 28.06.2016, 11.10.2018 തീയതികളിലെ വി.3-6480/2016 നമ്പർ കത്ത്.

3. ശ്രീ രഘുരാമൻ 06.06.2016-തീയതിയിൽ സമർപ്പിച്ച ബി.എ-232/13-14 നമ്പർ പ്രതിവാദ പത്രിക.

## **<u>ഉത്തരവ്</u>**

ഗുരുവായൂർ നഗരസഭയിൽ 03.2015-തീയതിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനയിൽ ബി.എ/232/13-14 നമ്പർ ഫയലിൽ 13.05.2014 തീയതിയിൽ റസിഡൻഷ്യൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയതിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 50(2)-ന് വിധേയമല്ലെന്ന് കണ്ടെത്തിയതിനാൽ ആ കാലയളവിലെ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമന് പരാമർശം ഒന്ന് പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം മൂന്ന് പ്രകാരം ശ്രീ രഘുരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ടി കെട്ടിട നിർമ്മാണ അപേക്ഷ നഗരസഭയിലെ സാങ്കേതിക വിഭാഗം ജീവനക്കാരായ ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി ബിൽഡിംഗ് പ്ലാൻ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് അനുസൃതമാണെന്ന് വ്യക്തമായി ശുപാർശ ചെയ്തതിനെ തുടർന്നാണ് പെർമിറ്റ് അനുവദിച്ചതെന്ന് രേഖപ്പെടുത്തിയിരുന്നു.

ഈ വിഷയത്തിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നഗരസഭയിലെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രീ രഘുരാമന്റെ മറുപടി വസ്തുതാ പരമാണെന്ന് കാണുന്നതായുള്ള വിജിലൻസ് റിപ്പോർട്ടിന്റേയും, സർക്കാരിൽ നിന്നുള്ള ഉത്തരവിന്റേയും അടിസ്ഥാനത്തിൽ കെട്ടിടത്തിന് നൽകിയ പെർമിറ്റ് 02.06.2016 തീയതിയിൽ റദ്ദ് ചെയ്തതായും, ടി വസ്തുവിൽ നാളിതുവരെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ലാത്തതാണെന്നും സെക്രട്ടറിയെ തെറ്റിദ്ധരിപ്പിച്ച് വസ്തുതകൾ മറച്ച് വച്ച് ബിൽഡിംഗ് പെർമിറ്റ് നൽകാൻ ഫയലിൽ ശുപാർശ ചെയ്ത നഗരസഭയിലെ സാങ്കേതിക വിഭാഗം ജീവനക്കാരായ ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി 02.06.2016-തീയതിയിൽ നഗരസഭാ സെക്രട്ടറി മേൽ ഉദ്യോഗസ്ഥർക്ക് മെമ്മോ നൽകിയിട്ടുള്ളതായും, ആയതിനാൽ മേൽ വസ്തുതകൾ പരിഗണിച്ച് ശ്രീ രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

എന്നിരുന്നാലും പെർമിറ്റ് അനുവദിയ്ക്കുന്നതിൽ സെക്രട്ടറിയ്ക്കും ഉത്തരവാദിത്തമുണ്ട്. എന്നാൽ യൂട്ടിലിറ്റി ഏരിയായിൽ റിക്രിയേഷൻ സ്പേസ് അനുവദിച്ചത് ചട്ട വിരുദ്ധമാണെങ്കിലും, ആയത് സാങ്കേതിക വിഭാഗം ജീവനക്കാർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത് എന്നതിനാലും, ഈ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, നഗരസഭാ സെക്രട്ടറി പെർമിറ്റ് റദ്ദ ചെയ്യുകയും ആയതിനുശേഷം അവിടെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെയും, ശ്രീ രഘുരാമൻ കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയുടേയും അടിസ്ഥാനത്തിൽ, പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പെർമിറ്റ് റദ്ദ ചെയ്തിട്ടുള്ളതിനാലും കെട്ടിട നിർമ്മാണം തുടങ്ങിയിട്ടില്ലായെന്നത് പരിഗണിച്ചും, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി "താക്കീത്" എന്ന ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശ്രീമതി രമണി മാത്യു
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ